8.	07.00	–	പാലപ്ര
9.	07.05	–	പാല
10.	07.20	–	തെക്കേമല
11.	07.30	–	പാല
12.	12.00	–	മണിമല

(ബി) 35 ഷെഡ്യൂളുകൾ നടത്താൻ 40 ബസ്സുകൾ അനുവദിച്ചു നൽകിയിട്ടുണ്ട്. അതിനാൽ എല്ലാ ഷെഡ്യൂളുകളും നടത്തുവാൻ പര്യാപ്തമായ ബസ്സുകൾ പൊൻകുന്നം ഡിപ്പോയിലുണ്ട്.

മയ്യിൽ ഭാഗത്തേക്ക് ലേഡീസ് ഒൺലി ബസ്സ്

170 (620) ശ്രീ. സി. കെ. പി. പത്മനാഭൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്ത്രീകൾ ഏറെ യാത്രാക്ലേശം അനുഭവിക്കുന്ന മയ്യിൽ, കൊളച്ചേരി, കുറ്റ്യാട്ടൂർ ഭാഗങ്ങളിലേക്ക് രാവിലെ മയ്യിൽനിന്ന് ആരംഭിച്ച് കണ്ണൂരിലെത്തുന്നതും വൈകുന്നേരം കണ്ണൂരിൽനിന്ന് മയ്യിലേക്ക് പോകുന്നതുമായ വിധത്തിൽ ഒരു ലേഡീസ് ഒൺലി ബസ് അനുവദിക്കുന്നതിനായി നിവേദനം ലഭിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ ഇക്കാര്യത്തിൽ അടിയന്തര നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) നിവേദനം ലഭിച്ചിട്ടില്ല. 27-12-2010, 29-1-2011 എന്നീ തീയതികളിലെ ജില്ലാ വികസന യോഗത്തിൽ ശ്രീ. സി. കെ. പി. പത്മനാഭൻ എം.എൽ.എ.-യുടെ നിർദ്ദേശം പരിഗണിച്ച് രാവിലെയും വൈകുന്നേരവും ലേഡീസ് ഒൺലി ട്രിപ്പ് ആരംഭിക്കുന്ന വിഷയം പരിശോധനയിലാണ്.

(ബി) സ്വീകരിക്കുന്നതാണ്.

വണ്ടിപ്പെരിയാറിൽനിന്ന് പുൽമേട്ടിലേക്കുള്ള കെ.എസ്.ആർ.ടി.സി. സർവ്വീസ്

171 (621) ശ്രീ. കെ. ശിവദാസൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വണ്ടിപ്പെരിയാറിൽനിന്ന് പുൽമേട്ടിലേക്ക് കെ.എസ്.ആർ.ടി.സി. സർവ്വീസുകൾ നടത്തിയിരുന്നോ ;

(ബി) എത്ര ബസ്സുകളാണ് ഇതിനായി ഉപയോഗിച്ചിരുന്നത് ;

(സി) മകരവിളക്ക് ഉത്സവദിവസം എത്ര സർവ്വീസുകൾ നടത്തിയിട്ടുണ്ട് ;

LIBRARY ARCHIVES Kerala Legislative Assembly